പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1743 21/01/2014- ൽ മറുപടിക്ക്

## കുളമ്പുരോഗ വാക്സിൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി ജയരാജൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ആകെ കന്നുകാലി സമ്പത്ത് എത്രയാണ്, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| ബി) ഓരോ ജില്ലയിലും എത്ര കന്നുകാലികൾക്ക് കുളമ്പുരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര കന്നുകാലികൾക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ; | ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു |
| സി) കുളമ്പുരോഗത്തിന് പ്രതിരോധചികിത്സകൾ എന്തെല്ലാമാണ്; മൃഗാശുപത്രികൾവഴി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ആയതിലേക്കായി 2013-2014- ൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; | സി) കുളമ്പുരോഗത്തിന് ചികിത്സ ഫലപ്രദമല്ല. കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ്പാണ് രോഗം തടയുന്നതിനുള്ള ഏക മാർഗ്ഗം. കുളമ്പുരോഗം വന്നുകഴിഞ്ഞാൽ രോഗം കൂടുതൽ പടർന്നു പിടിക്കാതിരിക്കാനായി രോഗ ബാധിത പ്രദേശത്തിനു ചുറ്റും മൃഗാശുപത്രികൾ വഴി റിങ്ങ് വാക്സിനേഷൻ ചെയ്തുവരുന്നു. രോഗം ബാധിച്ച കന്നുകാലികൾക്കുള്ള സൗജന്യ ചികിത്സയും മരുന്നുകളും മൃഗാശുപത്രികൾ വഴി ലഭ്യമാക്കി യിട്ടുണ്ട്. 2013 - 2014 സാമ്പത്തിക |

| | |
|---|---|
| | വർഷത്തിൽ ചികിത്സക്കാവശ്യമായ മരുന്നുകൾ,പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണവകുപ്പ് 20,00,000/-രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്ക് പുറമെ അധിക ഫണ്ട് ആയി ഗോരക്ഷ പദ്ധതിയിൽ നിന്ന് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അണുനാശിനികളും ജില്ലാതലത്തിൽ വാങ്ങി ഉപയോഗിച്ച് വരുന്നു. 50 ലക്ഷം രൂപയുടെ അത്യാവശ്യ മരുന്നുകൾ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഷോർട്ട് ടെണ്ടർ വിളിച്ച് വാങ്ങി വിവിധ ജില്ലകളിൽ മൃഗാശുപത്രി വഴി വിതരണം ചെയ്തു കഴിഞ്ഞു. |
| ഡി) കുളമ്പുരോഗ പ്രതിരോധത്തിനുള്ള മരുന്നുകളും വാക്സിനുകളും ഏതു കമ്പനികളിൽനിന്നാണ് വാങ്ങുന്നത് ; | ഡി) കുളമ്പുരോഗപ്രതിരോധ വാക്സിൻ കേന്ദ്ര ഗവൺമെന്റാണ് കേരളത്തിലേയ്ക്ക് നൽകുന്നത്. കഴിഞ്ഞ 2 ഘട്ട വാക്സിനേഷനും ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപന ത്തിൽ ഉല്പാദിപ്പിച്ച വാക്സിനാണ് കേന്ദ്ര സർക്കാർ കേരളത്തിന് ലഭ്യമാക്കിയിട്ടുള്ളത്. |
| ഇ) പ്രസ്തുത മരുന്ന് ഉല്പാദനരംഗത്തുള്ള പൊതുമേഖലാസ്ഥാപനങ്ങൾ ഏതെല്ലാമാണ്; | ഇ) ദേശീയ ക്ഷീര വികസന ബോർഡിന്റെ സബ്സിഡിയറി യൂണിറ്റായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം |
| എഫ്) 2012-2014 ,2013-14 എന്നീ വർഷങ്ങളിൽ എന്തു തുകയുടെ കുളമ്പുരോഗ പ്രതിരോധമരുന്നുകൾ പ്രസ്തുത കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്; വിശദമാക്കാമോ? | എഫ്) കുളമ്പുരോഗപ്രതിരോധ വാക്സിൻ കേന്ദ്ര ഗവൺമെന്റാണ് കേരളത്തിലേയ്ക്ക് നൽകുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**